**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1933** **20-06-2024 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിൽ കായിക വകുപ്പ നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായിക വകുപ്പ് വാമനപുരം മണ്ഡലത്തിൽ 2022-23 വർഷം മുതൽ നടപ്പാക്കിവരുന്ന പദ്ധതികളും പ്രവർത്തനങ്ങളും എന്തെല്ലാമാണെന്നും ഓരോ പദ്ധതിയുടെ നിർമ്മാണ പുരോഗതിയും അറിയിക്കാമോ; | (എ) | കായിക വകുപ്പ് വാമനപുരം മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**1. നെല്ലനാട് ഗ്രാമപഞ്ചായത്തിലെ ആലന്തറ നാചറൽ നീന്തൽക്കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തി**<br><br>പ്രസ്തുത പ്രവൃത്തിക്കായി 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം 16.02.2024 തീയതിയിൽ സാങ്കേതികാനുമതി നൽകുകയും തുടർന്ന് ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.ഷിബുകുമാർ.എസ്.എസ്., തിരുവനന്തപുരം എന്ന കരാറുകാരനുമായി 16.03.2024-ന് 87,19,892/- രൂപയ്ക്ക് എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രവൃത്തി 5% പൂർത്തിയായിട്ടുണ്ട്. 6 മാസമാണ് പൂർത്തീകരണ കാലാവധി.<br><br>**2. പാങ്ങോട് ഗ്രാമപഞ്ചായത്തിലെ ഭരതന്നൂർ സ്റ്റേഡിയത്തിന്റെ നവീകരണം**<br><br>പ്രസ്തുത പ്രവൃത്തിക്കായി 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം 13.02.2024 തീയതിയിൽ സാങ്കേതികാനുമതി നൽകുകയും തുടർന്ന് ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.ഷിബുകുമാർ.എസ്.എസ്, തിരുവനന്തപുരം എന്ന കരാറുകാരനുമായി 31.05.2024-ന് 87,18,651/- രൂപയ്ക്ക് എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രവൃത്തി 5% പൂർത്തിയായിട്ടുണ്ട്. 6 മാസമാണ് പൂർത്തീകരണ കാലാവധി.<br><br>**3. കല്ലറ ഗ്രാമപഞ്ചായത്തിലെ താന്നിയം സ്റ്റേഡിയം നവീകരണ പ്രവൃത്തി (ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി)** |

| | | | |
|---|---|---|---|
| | | | പ്രസ്തുത പ്രവൃത്തിക്കായി 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം 09.02.2024 തീയതിയിൽ സാങ്കേതികാനുമതി നൽകുകയും തുടർന്ന് ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.ജയകുമാർ.എസ്, തിരുവനന്തപുരം, എന്ന കരാറുകാരനുമായി 15.05.2024-ന് 68,05,897/- രൂപയ്ക്ക് എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്. 6 മാസമാണ് പൂർത്തീകരണ കാലാവധി.<br><br>**4. 2024-25 ബഡ്ജറ്റ് വർക്ക് - പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിന്റെ നിർമ്മാണം**<br><br>പ്രസ്തുത പ്രവൃത്തിക്കായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എം.എൽ.എ-യുമായി ചർച്ച നടത്തുകയും ഘടകങ്ങൾ തീരുമാനിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.<br><br>മേൽ പ്രവൃത്തികൾ കൂടാതെ വനം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് അരിപ്പയിലുള്ള ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റൂട്ടിൽ ഇലക്ട്രോ മെക്കാനിക്കൽ/ ഫിൽട്രേഷൻ വർക്കുകൾ ഉൾപ്പെടെ 25 X 12.5 മീറ്റർ നീന്തൽക്കുളത്തിന്റെ നിർമ്മാണവും അരിപ്പയിലെ ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചറിന്റെ നിർമ്മാണവും & മാപ്പിൾ വുഡ് ഫ്ളോറിംഗ് പ്രവൃത്തിയും നടപ്പിലാക്കിയിട്ടുണ്ട്. ടി പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ ആവിഷ്കരിച്ച 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതി വരും വർഷങ്ങളിലും തുടരാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | "ഒരു പഞ്ചായത്തിന് ഒരു കളിക്കളം" പദ്ധതി പ്രകാരം എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം നിർമ്മിക്കുക, അതിലൂടെ കായിക വികസനത്തിനുള്ള ഏറ്റവും അടിത്തട്ടിൽ നിന്നുള്ള വികസനം സാധ്യമാക്കുക എന്ന ബൃഹത് ഉദ്ദേശ്യമാണ് നടപ്പാക്കാൻ ലക്ഷ്യമിടുന്നത്. ഈ പദ്ധതി പ്രകാരം വിവിധ ഘട്ടങ്ങളിലായി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും കളിക്കളം ഒരുക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും തനത് കായിക വികസനങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതി ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 124 പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകളിൽ നടപ്പിലാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ